LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ നയം നടപ്പിലാക്കുന്നതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ താഴെപ്പറയുന്നു :

1. എല്ലാ അതിക്രമങ്ങളിൽ നിന്നും, വിശിഷ്യാ ലിംഗാധിഷ്ഠിത അതിക്രമങ്ങളിൽ നിന്നും സംരക്ഷണവും മോചനവും ഉറപ്പാക്കുക.

2. സ്ത്രീകൾക്ക് ജീവനോപാധികൾക്കുള്ള അവകാശത്തിനായി അവരുടെ കഴിവുകളിലും വിജ്ഞാന ഉറവിടത്തിന്റെ മേലിലും ഉടമസ്ഥാവകാശവും നിയന്ത്രണവും ബാധ്യതയും ഉറപ്പാക്കി നിർഭയമായി ജോലി ചെയ്യുന്നതിന് സാമൂഹ്യസംരക്ഷണം ഉറപ്പാക്കുകയും തുല്യഅവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

(സി) സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിലും സാമൂഹ്യ-രാഷ്ട്രീയ രംഗത്തും, സാമ്പത്തികമായ വിഷയങ്ങളിലും സ്ത്രീകളുടെ അഭിപ്രായങ്ങൾക്കും തീരുമാനത്തിനും തുല്യ അംഗീകാരം നൽകുക, ലിംഗസമത്വം എല്ലാ മേഖലകളിലും കൊണ്ടുവരിക എന്നീ കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) നയം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളും ഒരു ജെൻഡർ ആക്ഷൻ പ്ലാൻ തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുകയും നോഡൽ ഡിപ്പാർട്ട്മെന്റ് എന്ന നിലയിൽ സാമൂഹ്യനീതിവകുപ്പ് ടി പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയുമാണ് ചെയ്യുന്നത്. എൻ.എസ്സ്.എസ്സ്./ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ലിംഗാധിഷ്ഠിത ആക്രമണം തടയുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി ആയതിന്റെ ആദ്യഘട്ട പ്രവർത്തനം ഫിഷറീസ് വകുപ്പുമായി ചേർന്ന് തീരദേശ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്കുള്ള നിയമനം

261 (4305) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമൂഹ്യനീതിവകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ.) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന്റെയും പ്രൊമോഷൻ വഴിയുള്ള നിയമനത്തിന്റെയും അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമനം ഏത് ഉത്തരവുപ്രകാരം എന്നാണ് നിലവിൽവന്നത് ; അനുപാതം വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന് മുമ്പുള്ള അനുപാതം എന്തായിരുന്നു ;

(സി) സംസ്ഥാനത്ത് നിലവിൽ പ്രസ്തുത തസ്തികകൾ എത്ര ; അതിൽ എത്ര ഒഴിവുകളുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ ജോലിചെയ്യുന്നവരിൽ പി.എസ്.സി.-വഴി നേരിട്ട് നിയമിച്ചവരും താഴെ തസ്തികകളിൽനിന്നും പ്രൊമോട്ടുചെയ്യപ്പെട്ടവരും എത്രയാണെന്നും പ്രൊമോഷന് എന്തെല്ലാം യോഗ്യതകൾ പരിഗണിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) സർക്കാർ നിശ്ചയിച്ച അനുപാതം കണക്കിലെടുക്കാതെയും യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രൊമോഷൻ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യുന്നതിനും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1 : 4

(ബി) G.O(P) 23/2010/SWD തീയതി 30-3-2010. 31-3-2010-ന് ശേഷം അനുപാതം വ്യത്യാസപ്പെടുത്തിയിട്ടില്ല.

(സി) ആകെ CDPO തസ്തികകൾ 258, ഒഴിവുകൾ -34

(ഡി) നേരിട്ടുള്ള നിയമനത്തിലൂടെ ജോലിയിൽ പ്രവേശിച്ചവർ -18, പ്രൊമോഷനിലൂടെ ടി തസ്തികയിൽ എത്തിയവർ -206, കേരള സോഷ്യൽ വെൽഫയർ വിശേഷാൽ ചട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ചാണ് പ്രൊമോഷൻ നടത്തിയിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്) നിലവിലുള്ള 34 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും ശുപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly